# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*206 12.02.2020- ൽ മറുപടിക്ക്**

## കൈത്തറി മേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് യുവ-വീവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ; | (ബി) യുവ തലമുറയെ കൈത്തറി മേഖലയിലേക്ക് കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് യുവവീവ് പദ്ധതി. പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ വീതം അടങ്ങിയ ഓരോ ബാച്ചിനും ആദ്യഘട്ടമായി 3 മാസത്തെ പരിശീലനം നൽകുന്നു. പരിശീലനാരംഭത്തിൽ 10 തറികൾ വീതം ഓരോ ബാച്ചിനും നൽകുന്നു. 3 മാസ പരിശീലനത്തിന് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 1 ലക്ഷം രൂപ നൽകുന്നു. ഈ കാലയളവിൽ പ്രതിദിനം 200 രൂപ വീതം മാസം 25 ദിവസം എന്ന കണക്കിൽ 3 മാസത്തേക്ക് സ്റ്റൈപ്പന്റ് നൽകുന്നു. 3 മാസത്തെ പരിശീലനത്തിനു ശേഷം ഓരോ ബാച്ചിനും വീണ്ടും 10 തറികൾ വീതം നൽകുന്നു. |

രണ്ടാം ഘട്ടത്തിലെ ഇൻക്യുബേഷൻ കാലയളവിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആരംഭിക്കുന്നു. മൂന്ന് മാസം നീണ്ടുനിൽക്കുന്ന കാലയളവിൽ വേതനമായി പ്രതിദിനം 125/- രൂപ വീതം മാസം 25 ദിവസം എന്ന തോതിൽ 3 മാസത്തേക്ക് നൽകുന്നു. പദ്ധതിക്കാവശ്യമായ മുഴുവൻ തറികളും നിർമ്മിച്ച് നൽകുന്നത് പൊതുമേഖല സ്ഥാപനമായ 'കാഡ്കോ'യാണ്.

ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തറിയിൽ കുറഞ്ഞത് 5 വർഷമെങ്കിലും വസ്ത്രം നെയ്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ യുവവീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 18,75,000/- രൂപ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ബാക്കി 81,25,000/- രൂപ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരികയുമാണ്.

(സി) വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം പുതിയ തറി വാങ്ങുന്നതിന് സർക്കാർ എത്ര തുകയാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(സി) 2017-2018 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി. നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40000/- രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ഡി) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഹാൻടെക്സ് മുഖേന നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

(ഡി) കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഹാന്റക്സ് 500 ഓളം അംഗസംഘങ്ങളിലെ നെയ്ത്തുകാരുടെ ഉത്പന്നങ്ങൾ സംഭരിച്ച് വിൽപനശാലകളിലൂടെ വിപണനം നടത്തി വരുന്നു. കൂടുതൽ ഗുണഭോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 5000 തറികളിൽ കൈത്തറി ഉത്പന്നങ്ങൾ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഗുണമേന്മയോടെ ഉത്പാദിപ്പിച്ച് വിപണനം നടത്തുക എന്ന

ലക്ഷ്യത്തോടെ ഹാൻ്റക്സ് മുഖേന നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് കൈത്തറി സുരക്ഷാ പദ്ധതി. നിലവിലെ ഉത്പാദനസംഭരണ രീതികളിൽ കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് നെയ്ത്തുകാർക്ക് മുൻകൂറായി നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുകയും മാസം തോറും തുണിയുടെ ഗുണനിലവാരം പരിശോധിച്ച് സംഭരണം നടത്തി അപ്പോൾ തന്നെ വില നൽകുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ ഒരു ലക്ഷത്തോളം സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഉപഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ഏകദേശം 5000-ത്തിലധികം നെയ്ത്തു തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു പദ്ധതി നിലവിൽ വന്നതിനുശേഷം തൊഴിലാളികൾക്ക് സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ലഭ്യമാകുന്നുണ്ട്.

**യുവവീവ് പദ്ധതി**

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18 നും 40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്നു മാസം സ്റ്റൈപൻറോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും ചേർത്തു നൽകുന്നതാണ്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കൈത്തറി ഡയറക്ടർ ചെയർമാനായും, കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനറായും ഒരു സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായും കുടുംബശ്രീ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ കൺവീനറായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും കുടുംബശ്രീയും ചേർന്ന് നിർവഹിക്കുന്നു. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഒരു വീട്ടിൽ ഒരു തറി**

2017-2018 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയതാണ് 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി. നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40000/- രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

**കൈത്തറി സുരക്ഷാ പദ്ധതി**

കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഹാന്റക്സ് 500 ഓളം അംഗസംഘങ്ങളിലെ നെയ്ത്തുകാരുടെ ഉത്പന്നങ്ങൾ സംഭരിച്ച് വിൽപനശാലകളിലൂടെ വിപണനം നടത്തി വരുന്നു. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്ന തിനായി കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 5000 തറികളിൽ കൈത്തറി ഉത്പന്നങ്ങൾ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഗുണമേന്മയോടെ ഉത്പാദിപ്പിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ ഹാന്റക്സ് മുഖേന നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് കൈത്തറി സുരക്ഷാ പദ്ധതി. നിലവിലെ ഉത്പദാനസംഭരണ രീതികളിൽ കാലോചിതമായ മാറ്റം

വരുത്തിക്കൊണ്ട് നെയ്ത്തുകാർക്ക് മുൻകൂറായി നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുകയും മാസം തോറും തുണിയുടെ ഗുണനിലവാരം പരിശോധിച്ച് സംഭരണം നടത്തി അപ്പോൾ തന്നെ വില നൽകുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ഒരു ലക്ഷത്തോളം സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഉപഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ബ്രാന്റിംഗ്**

കേരളത്തിലെ കൈത്തറി ഉല്പന്നങ്ങൾക്ക് ബ്രാന്റിംഗ് നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. ഐ.ഐ.എച്ച്.റ്റി, ഹാന്റക്സ്, ഹാൻവീവ്, നിഫ്റ്റ് എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാന്റിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ബ്രാന്റിംഗ് നടത്തുന്നതുവഴി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഡിമാൻറ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

**പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി**

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്തു കൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്. 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000/- രൂപ വീതവും അവാർഡ് തുകയായി വിതരണം ചെയ്യുകയുണ്ടായി.

**വീവേഴ്സ് ഫെസ്റ്റ്**

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് വീവേഴ്സ് ഫെസ്റ്റ്.

ഇതുവഴി നെയ്ത്തുകാരുടെ തൊഴിൽ വൈദഗ്ദ്യം പ്രകടമാക്കുന്നതിനായുള്ള നെയ്ത്ത് മത്സരം, അതു പോലെ ചിത്രരചന, ഡിസൈൻ എന്നീ രംഗങ്ങളിലുള്ള സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രയാസങ്ങളെ പങ്കു വെക്കാൻ ഒരു വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെമ്പാടും കൈത്തറി മേഖലകൾ തിരിച്ചും ജില്ലാതലങ്ങളിലായും 20 ൽ കൂടുതൽ വേദികളിൽ നെയ്ത്തുകാരുടെ മത്സരങ്ങൾ കലാമേളകളുൾപ്പെടെ വീവേഴ്സ് ഫെസ്റ്റിൽ നടത്തുകയുണ്ടായി.

**റസ്റ്റ്റൂം,സ്റ്റോറേജ് ഫെസിലിറ്റി, ടോയിലറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാന്റ്**

ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതാ നെയ്ത്തുകാർക്ക് റസ്റ്റ്റൂം , സ്റ്റോറേജ് ഫെസിലിറ്റി, ടോയിലറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്.

**സെക്ഷൻ ഓഫീസർ**